# എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്വയം തൊഴിൽ സ്കീമുകൾ

**ലോറൻസ് മാത്യു M. Tech**
**ADIO, Ponnani Taluk**
**9446367985**

പത്താം ക്ലാസ്സ് കഴിയുമ്പോൾ ജോലിക്കായി രെജിസ്റ്റർ ചെയ്യുന്നയൊരു സ്ഥാപനമായിട്ടാണ് ഭൂരിഭാഗം പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ വിലയിരുത്തുന്നത്. എന്നാൽ അതിനുമപ്പുറം അതൊരു എംപ്ലോയബിലിറ്റി സെന്ററുകളാണെന്നതാണ് യഥാർത്ഥ വസ്തുത. വൊക്കേഷണൽ ഗൈഡൻസും സ്വയം തൊഴിൽ പദ്ധതികളുമൊക്കെയായി സമൂഹത്തിൽ സമൂലമായൊരു മാറ്റം വരുത്തുവാൻ കഴിവുള്ളയൊരു വകുപ്പാണ് ഇത്. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ചില സ്വയം തൊഴിൽ പദ്ധതികൾ ഉണ്ട്. കെസ്റു, ശരണ്യ, മൾട്ടി പർപ്പസ് ജോബ് ക്ലബ്, കൈവല്യ, നവ ജീവൻ എന്നിവയാണിവ.

## 1. കെസ്റു (Kerala Self Employment Scheme for the Registered Unemployed)

വ്യക്തികൾക്കായുള്ള ഒരു സ്വയം തൊഴിൽ പദ്ധതിയാണിത്. ഉൽപ്പാദന, സേവന, ട്രേഡിങ്ങ് ഇവയിൽ ഏതാണെങ്കിലും ഈ പദ്ധതിയിൽ ചെയ്യുവാൻ കഴിയും.

### പ്രധാന സവിശേഷതൾ

- ആകെ പദ്ധതി ചിലവ് ഒരു ലക്ഷം വരെ ഉള്ള സംരംഭങ്ങൾക്ക് ആണ് ഈ പദ്ധതി.
- ഇതൊരു ബാങ്ക് ലിങ്കഡ് പദ്ധതിയാണ്
- 20 ശതമാനം സർക്കാർ സബ്സിഡിയായിരിക്കും
- എപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 21 നും 50 നും ഇടക്ക് പ്രായമുള്ള തൊഴിൽ രഹിതർക്ക് അപേക്ഷിക്കാം
- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം
- സംരംഭകന്റെ വിഹിതം നിർബന്ധമില്ല
- ജീവിത പങ്കാളിയോ മാതാ പിതാക്കളോ ആയിരിക്കും ജാമ്യം
- വിദ്യാഭ്യാസ യോഗ്യ പദ്ധതിക്ക് അനുയോജ്യമായതായിരിക്കണം.
- പ്രൊഫഷണൽ അല്ലങ്കിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണനയുണ്ടാവും.
- Nationalised Banks, District Co-operative Banks, Scheduled Banks and KSFE എന്നിവ വഴിയാണ് വായ്പ ലഭ്യമാകുന്നത്.
- വിദ്യാർത്ഥികൾ അപേക്ഷിക്കുവാൻ അർഹരല്ല

### അപേക്ഷ എങ്ങനെ

അപേക്ഷാ ഫോം സൌജന്യമായി അടുത്തുള്ള എംപ്ലയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്. വകുപ്പിന്റെ വെബ് സൈറ്റിലും അപേക്ഷാ ഫോം ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ, പ്രൊജക്ട് റിപ്പോർട്ട്, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

### തിരഞ്ഞെടുപ്പ് എങ്ങനെ

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറുമായിട്ടുള്ള ഒരു ജില്ലാ തല കമ്മിറ്റിയാണ് യോഗ്യരായവരെ തിരഞ്ഞെടുക്കുന്നത്.

## 2. മൾട്ടി പർപ്പസ് ജോബ് ക്ലബ്

ഒന്നിലധികം പേർക്കായുള്ള ഒരു സ്വയം തൊഴിൽ പദ്ധതിയാണിത്. ഉൽപ്പാദന, സേവന, ട്രേഡിങ്ങ് ഇവയിൽ ഏതാണെങ്കിലും ഈ പദ്ധതിയിൽ ചെയ്യുവാൻ കഴിയും.

**പ്രധാന സവിശേഷതൾ**

- ഇതൊരു ബാങ്ക് ലിങ്കഡ് പദ്ധതിയാണ്
- ആകെ 10 ലക്ഷം ആണ് ലോൺ അനുവദിക്കപ്പെടുന്നത്.
- ആകെ പദ്ധതി തുകയുടെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി ഉണ്ടായിരിക്കും.
- എംപ്ലോയ്മെന്റിൽ രെജിസ്റ്റർ ചെയ്തവരായിരിക്കണം.
- കുറഞ്ഞത് 2 പേരും പരമാവധി 5 പേരും ആകാം.
- പാർട്ണർഷിപ്പ് കരാർ ഉണ്ടായിരിക്കണം.
- 21 മുതൽ 45 വയസ്സ് വരെയാണ് പ്രായ പരിധി
- ഒ ബി സി ക്കാർക്ക് 3 വർഷവും എസ് സി, എസ് ടി, ഭിന്ന ശേഷിയുള്ളവർ എന്നിവർക്ക് 5 വർഷവും വയസ്സിളവ് ഉണ്ടായിരിക്കും.
- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം
- സരംഭകരുടെ വിഹിതം പദ്ധതി ചിലവിന്റെ 10 ശതമാനം ആയിരിക്കും.
- Nationalised Banks, District Co-operative Banks, Scheduled Banks and KSFE എന്നിവ വഴിയാണ് വായ്പ ലഭ്യമാകുന്നത്.

**അപേക്ഷ എങ്ങനെ**

അപേക്ഷാ ഫോം സൌജന്യമായി അടുത്തുള്ള എംപ്ലയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്. വകുപ്പിന്റെ വെബ് സൈറ്റിലും അപേക്ഷാ ഫോം ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ, പ്രൊജക്ട് റിപ്പോർട്ട്, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, പാർട്ണർഷിപ്പ് കരാർ എന്നിവ സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**തിരഞ്ഞെടുപ്പ് എങ്ങനെ**

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറുമായിട്ടുള്ള ഒരു ജില്ലാ തല കമ്മിറ്റിയാണ് യോഗ്യരായവരെ തിരഞ്ഞെടുക്കുന്നത്.

## 3. ശരണ്യ – അശണരായ സ്ത്രീകൾക്കായുള്ള പദ്ധതി

അശരണരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ തുങ്ങുവാനുള്ള പദ്ധതിയാണിത്. ഏത് രീതിയിലുള്ള സംരംഭങ്ങളും തുടങ്ങുവാൻ കഴിയും.

**പ്രധാന സവിശേഷതൾ**

- എംപ്ലോയ്മെന്റിൽ രെജിസ്റ്റർ ചെയ്തവരായിരിക്കണം.
- ആകെ 50000 രൂപയാണ് അനുവദിക്കപ്പെടുന്നത്. ഇതിൽ 50 ശതമാനം സബ്സിഡിയായിരിക്കും. ബാക്കിയുള്ള തുകക്ക് പലിശ ഉണ്ടാവില്ല. 60 തവണകളായി അടച്ച് തീർത്താൽ മതിയാകും.
- 50000 രൂപക്ക് മുകളിൽ വേണമെങ്കിൽ കൂടതലായുള്ള തുകയുടെ 10 ശതമാനം സംരംഭകന്റെ വിഹിതമായി അടക്കുകയും കൂടുതലായുള്ള തുകക്ക് 3 ശതമാനം പലിശ നൽകുകയും വേണം.
- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.
- 18 നും 55 നും മധ്യേ പ്രായമുള്ള തൊഴിൽ രഹിതരാവണം
- പുനർ വിവാഹം ചെയ്യാത്ത വിധവകൾ (വില്ലേജ് ഓഫീസറോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷനോ സാക്ഷ്യപ്പെടുത്തണം), വിവാഹ മോചനം നേടിയവർ, കഴിഞ്ഞ 7 വർഷമായി ഭർത്താവിനെ കാണുവാനില്ലാത്തവർ (പുനർ വിവാഹിതരായില്ലായെന്ന് തഹസിൽദാർ

സാക്ഷ്യപ്പെടുത്തണം). ഭർത്താവ് ഉപേക്ഷിച്ചവർ വിവാഹ മോചനം നേടിയവർ, കഴിഞ്ഞ 7 വർഷമായി ഭർത്താവിനെ കാണുവാനില്ലാത്തവർ (പുനർ വിവാഹിതരായില്ലായെന്ന് തഹസിൽദാർ സാക്ഷ്യപ്പെടുത്തണം). 30 വയസിനു മുകളിലുള്ള അവിവാഹിതർ (വില്ലേജ ഓഫീസർ സാക്ഷ്യപ്പെടുത്തണം), പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ (വില്ലേജ ഓഫീസർ സാക്ഷ്യപ്പെടുത്തണം), ഭിന്ന ശേഷിയുള്ളവർ, കിടപ്പ രോഗികളുടെ ഭാര്യമാർ എന്നിവർക്കാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്.

- പ്രൊഫഷണൽ അല്ലങ്കിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണനയുണ്ടാവും.
- വിദ്യാർത്ഥികൾ അപേക്ഷിക്കുവാൻ അർഹരല്ല

**അപേക്ഷ എങ്ങനെ**

അപേക്ഷാ ഫോം സൌജന്യമായി അടുത്തുള്ള എംപ്ലയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്. വകുപ്പിന്റെ വെബ് സൈറ്റിലും അപേക്ഷാ ഫോം ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ, പ്രൊജക്ട് റിപ്പോർട്ട്, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, എന്നിവ സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**തിരഞ്ഞെടുപ്പ് എങ്ങനെ**

ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറുമായിട്ടുള്ള ഒരു ജില്ലാ തല കമ്മിറ്റിയാണ് യോഗ്യരായവരെ തിരഞ്ഞെടുക്കുന്നത്.

## 4. കൈവല്യ

ഭിന്നശേഷിക്കാർക്കായി ആവിഷ്കരിച്ച ഈ സ്കീം 4 രീതിയിൽ നടപ്പിലാക്കുന്നുണ്ട്. അതിലൊന്നാണ് സ്വയം തൊഴിൽ പദ്ധതി. വൊക്കേഷണൽ & കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിങ്ങ്, മത്സര പരീക്ഷകൾക്കുള്ള പരിശീലനം എന്നിവയാണ് മറ്റുള്ളവ

**പ്രധാന സവിശേഷതൾ**

- എംപ്ലോയ്മെന്റിൽ രെജിസ്റ്റർ ചെയ്തവരായിരിക്കണം.
- 21 നും 55 നും മധ്യേ പ്രായമുള്ളവരായിരിക്കണം.
- കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.
- എഴുതുവാനും വായിക്കുവാനും കഴിവുള്ളവരായിരിക്കണം
- ആകെ 50000 രൂപയാണ് അനുവദിക്കപ്പെടുന്നത്. ഇതിൽ 50 ശതമാനം സബ്സിഡിയായിരിക്കും. ബാക്കിയുള്ള തുകക്ക് പലിശ ഉണ്ടാവില്ല. 60 തവണകളായി അടച്ച് തീർത്താൽ മതിയാകും.

**അപേക്ഷ എങ്ങനെ**

അപേക്ഷാ ഫോം സൌജന്യമായി അടുത്തുള്ള എംപ്ലയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്. വകുപ്പിന്റെ വെബ് സൈറ്റിലും അപേക്ഷാ ഫോം ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ, പ്രൊജക്ട് റിപ്പോർട്ട്, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, എന്നിവ സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## 5. നവജീവൻ (മുതിർന്ന പൗരൻമാർക്കുള്ള സ്വയംതൊഴിൽ പദ്ധതി)

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരൻ (50-65) മാർക്കുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്.

### അർഹത

- എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം.
- പ്രായപരിധി 50 നും 65 നും മദ്ധ്യേ ആയിരിക്കണം.
- വ്യക്തിഗത വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

### മുൻഗണന

- എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിൽ യഥാസമയം പുതുക്കിക്കൊണ്ടിരിക്കുന്നവർ.
- അനുവദിക്കുന്ന വായ്പയിൽ 25% സ്ത്രീകൾക്ക് ലഭ്യമാക്കുന്നതാണ്. 55 വയസ് കഴിഞ്ഞ വിധവകൾ, ഭിന്നശേഷിക്കാർ എന്നിവരെ ആദ്യം പരിഗണിക്കുന്നതാണ്.
- അനുവദിക്കുന്ന വായ്പയിൽ 25% ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിന്
- ലഭ്യമാക്കുന്നതാണ്.

### വായ്പ / തിരിച്ചടവ്

- വായ്പ തുക പരമാവധി 50000/- രൂപയായിരിക്കും.
- വായ്പയുടെ 25% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.
- തിരിച്ചടവും പലിശയും ധനകാര്യസ്ഥാപനങ്ങളുടെ നിയമങ്ങൾക്ക് വിധേയമായിരിക്കും.
- ക്രഡിറ്റ് ഗ്യാരണ്ടി സ്കീമിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനാൽ ജാമ്യം നൽകേണ്ടതില്ല.

### നടപ്പാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ

ജില്ലാ ദേശാസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, കേരളബാങ്ക്, കെ.എസ്.എഫ്.ഇ, മറ്റു പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന പദ്ധതിയിൻ കീഴിൽ വായ്പ ലഭിക്കുന്നതാണ്.

### പൊതുവിവരങ്ങൾ

ഒന്നിലധികം അപേക്ഷകർ ചേർന്ന് സംയുക്ത സംരംഭം ആരംഭിക്കാവുന്നതാണ്. ഓരോ വ്യക്തിയ്ക്കും വായ്പയ്ക്കും സബ്സിഡിയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.